സ്വാമി ശരണം

# അയ്യപ്പവാണി

अय्यप्पवाणि വെബ് വാർത്താമാസിക

ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)

പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008

അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൽ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.

വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com





ക്രമ നം. അയ്യപ്പവാണി – 05/2023 (ഉത്രം പതിപ്പ്)

02 മേയ് 2023

(18 മേടം 1198)

യുഗാബ്ദം 5125



- ശ്രദ്ധാഞ്ജലി – ശ്രീ.വി.പി.മൻമഥൻ നായർ, ഡോ. ഗോപാലകൃഷ്ണൻ
- നാഷണൽ എക്സിക്യൂട്ടീവ് യോഗം
- ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ
- ഗൊല്ലപ്പുടി അയ്യപ്പക്ഷേത്രം, ആന്ധ്ര.
- വീര സവർക്കർ
- വൈശാഖ മാസം – അക്ഷയതൃതീയ
- കർമ്മയോഗം
- ഗീതാ ശ്ലോകങ്ങൾ – അധ്യായം 2- (16–20)
- സുഭാഷിതം – 40
- ക്വിസ് –25
- വാർത്തകൾ


## ശ്രദ്ധാഞ്ജലി

### ശ്രീ.വി.പി.മൻമഥൻ നായർ



ശബരിമല അയ്യപ്പസേവാ സമാജം സ്ഥാപക ട്രസ്റ്റിയും, മുതിർന്ന ഗുരുസ്വാമിയുമായ ശ്രീ. വി.പി.മൻമഥൻ നായർ ഏപ്രിൽ 22–ന ഇഹലോകവാസം വെടിഞ്ഞ് വിഷ്ണുപദം പൂകി. ശ്രീ.വി.പി. മൻമഥൻ നായരുടെ വിയോഗത്തിൽ ശബരിമല അയ്യപ്പസേവാ സമാജം ആദരാഞ്ജലികൾ അർപ്പിക്കുകയും അഗാധമായ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.


പത്തനംതിട്ടയിൽ സ്ഥിരതാമസക്കാരനായ ശ്രീ. വി.പി. മൻമഥൻ നായർ (78 വയസ്സ്) ഡി.വൈ.എസ്. പിയായി സർവീസിൽ നിന്ന് വിരമിച്ചു. ഏറെ നാളായി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്ന അദ്ദേഹം വീട്ടിൽത്തന്നെ കിടപ്പിലായിരുന്നു. 2023 ഏപ്രിൽ 22–ന് വൈകുന്നേരം 4.00 മണിയോടെ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഭാര്യ ശ്രീമതി സുശീലാ ദേവി, മകൻ ശ്രീ. എം. കണ്ണൻ, മകൾ ശ്രീമതി എം. റാണി. മകൾ വിദേശത്ത് നിന്ന് എത്തിയതിന് ശേഷം ഏപ്രിൽ 25–ന വീട്ടുവളപ്പിൽ അന്തിമസംസ്കാര ചടങ്ങുകൾ നടത്തി.

അടിയുറച്ച അയ്യപ്പ ഭക്തനായിരുന്ന അദ്ദേഹം, സർവീസ് കാലഘട്ടത്തിൽ പല തവണ സന്നിധാനത്ത് സേവനം ചെയ്തിരുന്നു. 2008–ൽ രജിസ്റ്റർ ചെയ്ത ശബരിമല അയ്യപ്പ സേവാ സമാജം ട്രസ്റ്റിന്റെ മൂന്ന് സ്ഥാപക ട്രസ്റ്റിമാരിൽ ഒരാളായിരുന്നു, 2020 വരെ സംഘടനയുടെ ദേശീയ ട്രഷററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിശ്വഹിന്ദു പരിഷത്തിന്റെ പത്തനംതിട്ട ജില്ലാ അധ്യക്ഷൻ എന്ന പദവിയിലും പ്രവർത്തിച്ചിരുന്നു. നിരവധി ഹൈന്ദവ, ആത്മീയ സംഘടനകളുമായി ബന്ധപ്പെട്ട് അദ്ദേഹം നേതൃത്വം കൊടുത്തിരുന്നു.

ശബരിമല അയ്യപ്പ സേവാ സമാജം ദേശീയ അധ്യക്ഷൻ ശ്രീ. ടി.ബി.ശേഖർ, ജനറൽ സെക്രട്ടറി ശ്രീ. ഈറോഡ് രാജൻ, കേരള സംസ്ഥാന പ്രസിഡന്റ് ബ്രഹ്മശ്രീ അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാട്, ജനറൽ സെക്രട്ടറി ശ്രീ. മുരളി കൊളങ്ങാട്ട് എന്നിവരുടെ സംയുക്ത പ്രസ്താവനയിൽ, ശ്രീ. മൻമഥൻ നായരുടെ വേർപാട് സംഘടനയ്ക്ക് വലിയ നഷ്ടമാണ് വരുത്തിയിരിക്കുന്നത് എന്നു പ്രസ്താവിക്കുകയുണ്ടായി.

പരേതന്റെ ആത്മാവിന് മോക്ഷം ലഭിക്കാൻ പ്രാർത്ഥിച്ചുകൊണ്ട് ശബരിമല അയ്യപ്പസേവാസമാജം ശ്രാദ്ധാഞ്ജലി അർപ്പിക്കുന്നു.

## ഡോ. എൻ. ഗോപാലകൃഷ്ണൻ



ഡോ.എൻ.ഗോപാലകൃഷ്ണൻ ഇഹലോകവാസം വെടിഞ്ഞ് വിഷ്ണുപദത്തിൽ. പ്രമുഖ ശാസ്ത്രജ്ഞനും, വിഖ്യാത ആധ്യാത്മിക പ്രഭാഷകനും, ചിന്തകനുമായ ഡോ. എൻ. ഗോപാലകൃഷ്ണൻ (68 വയസ്സ്) അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് ഏപ്രിൽ 27-ന് രാത്രി 9.00 മണിയോടെ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അപ്രതീക്ഷിത അന്ത്യം.

ശാസ്ത്രത്തെയും, ആധ്യാത്മികതയേയും കോർത്തിണക്കിനടത്തിയിട്ടുള്ള അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ, ഗ്രന്ഥങ്ങൾ, പഠനങ്ങൾ, യുട്യൂബ് സംവാദങ്ങൾ എന്നിവയെല്ലാം ഏറെ ശ്രദ്ധേയമായിരുന്നു. ഭാരതീയ ദർശനങ്ങളെയും ആധ്യാത്മികതയെയും ആധുനിക ശാസ്ത്രത്തിന്റെ കണ്ണുകളിലൂടെ വിശകലനം ചെയ്ത അദ്ദേഹം 'ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്' എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകനാണ്. 25 വർഷം സിഎസ്ഐആറിൽ സയന്റിസ്റ്റായി സേവനമനുഷ്ഠിച്ചു.

ഇന്ത്യയിലെയും വിദേശത്തെയും സർവകലാശാലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിസിറ്റിങ് ഫാക്കൽറ്റി അംഗമായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയ ശാസ്ത്ര ജേർണലുകളിൽ 50-ഓളം റിസർച്ച് പേപ്പറുകൾ അവതരിപ്പിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്ത് ആറ് പേറ്റന്റുകളും നേടി. ആദ്ധ്യാത്മിക രംഗത്ത് അവസാന നിമിഷം വരെ കർമ്മനിരതനായിരുന്ന അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാട് ഹിന്ദു സമൂഹത്തിൽ ഒരു ശൂന്യത സൃഷ്ടിച്ചിരിക്കുന്നു.

ശബരിമല അയ്യപ്പ സേവാ സമാജത്തിന്റെ പല വേദികളിലും തന്റെ സ്വതസിദ്ധമായ വാഗ്ധോരണിയിലൂടെ, യുക്തിയുക്തമായ, ഹൈന്ദവ ധർമ്മോപദേശങ്ങളിലൂടെ, മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. 2021, മാർച്ച് 6-നു, SASS ന്റെ ഓൺലൈൻ വേദിയിൽ "ധർമ്മബോധം വീണ്ടെടുക്കുന്നതിനുള്ള മഹായജ്ഞം" എന്ന അദ്ദേഹത്തിന്റെ പ്രഭാഷണം അയ്യപ്പവാണിയിലും പ്രസിദ്ധീകരിച്ചിരുന്നു.

പരേതന്റെ ആത്മാവിന് മോക്ഷം ലഭിക്കാൻ പ്രാർത്ഥിച്ചുകൊണ്ട് ശബരിമല അയ്യപ്പസേവാസമാജം ശ്രാദ്ധാഞ്ജലി അർപ്പിക്കുന്നു.

# ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം



ശബരിമല അയ്യപ്പ സേവാ സമാജത്തിന്റെ (SASS) ദേശീയ നിർവാഹക സമിതി യോഗം ഗുജറാത്തിലെ കർണാവതിയിൽ (അഹമ്മദാബാദ്) 2023, ഏപ്രിൽ 08/09 തീയതികളിൽ നടന്നു. ദേശീയ-സംസ്ഥാനതല ഭാരവാഹികളടങ്ങുന്ന, 14 സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുകയും, SASS-ന്റെ സംഘടനാ പ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ഉണ്ടായി. ചെയർമാൻ ശ്രീ. ടി. ബി, ശേഖർ പതാക ഉയർത്തി, അധ്യക്ഷത വഹിച്ചു. ശ്രീ. ഈറോഡ് രാജൻ, ജനറൽ സെക്രട്ടറി യോഗങ്ങൾ ഏകോപിപ്പിച്ചു.

2024 ജനുവരിയിൽ ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ നിർദ്ദിഷ്ട സമാപന ചടങ്ങുകളെ കുറിച്ച് വിശദമായ ചർച്ചകൾ നടന്നു. മുതിർന്ന പ്രവർത്തകരായ ശ്രീ. എസ്.സേതുമാധവൻ, ശ്രീ. എ.ആർ. മോഹനൻ എന്നിവർ സംഘടനയുടെ വളർച്ചയ്ക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകിക്കൊണ്ട് രണ്ടുദിവസത്തെ യോഗത്തിലുടനീളം സന്നിഹിതരായിരുന്നു.

## ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ, ഗുജറാത്ത്






കർണ്ണാവതിയിലെ പ്രകാശ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ 2023 ഏപ്രിൽ 09 ന് വൈകുന്നേരം 6.00 മുതൽ 9.00 വരെ തിങ്ങിനിറഞ്ഞ സദസ്സുമായി ഒരു വലിയ പൊതുപരിപാടി സംഘടിപ്പിച്ചു.

ശ്രീ. ടി.ബി. ശേഖർ, ദേശീയ ചെയർമാൻ അധ്യക്ഷത വഹിച്ചു. മാതാ അമൃതാനന്ദമയി മഠത്തിലെ പൂജ്യ സ്വാമിനി ക്ഷമതാമൃതപ്രാണ തന്റെ അനുമോദന പ്രസംഗത്തിൽ അയ്യപ്പ ധർമ്മത്തിന്റെ പ്രാധാന്യവും പ്രസക്തിയും വിശദീകരിച്ചു. ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളിലൂടെ അയ്യപ്പധർമ്മം പ്രചരിപ്പിക്കേണ്ട തിന്റെ ആവശ്യ കതയെക്കുറിച്ച് SASS-ന്റെ മുതിർന്ന കാര്യകർത്താവായ ശ്രീ A. R. മോഹൻ മുഖ്യപ്രഭാഷണം നടത്തി. ശ്രീ. ഈറോഡ് രാജൻ, ജനറൽ സെക്രട്ടറി, ശ്രീ. എസ്. സേതുമാധവൻ, രക്ഷാധികാരി, ആർഎസ്എസ് ഗുജറാത്ത് പ്രാന്ത സംഘചാലക് ശ്രീ. ഭരത് ഭായ് പട്ടേൽ തുടങ്ങിയ വിശിഷ്ട വ്യക്തികൾ വേദിയിൽ സന്നിഹിത രായിരുന്നു, ആശംസാ പ്രസംഗം നടത്തി. ശ്രീ. സി.വി. നാരായണൻ സ്വാഗതവും ശ്രീ. സി. പ്രഭാകരൻ ആമുഖ പ്രസംഗവും നടത്തി.

സോപാന സംഗീതം, ഹരിവരാസനം ഗാനത്തോ ടൊപ്പം പ്രത്യേകം ചിട്ടപ്പെടുത്തിയ സെമി ക്ലാസിക്കൽ ഗ്രൂപ്പ് ഡാൻസ്, ഹരിവരാസനം സമൂഹ പാരായണം എന്നീ പ്രത്യേക പരിപാടികളു മുണ്ടായിരുന്നു.

ശ്രീ. എസ്. ലക്ഷ്മിനാരായണൻ – ദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി, ശ്രീ. സി.പ്രഭാകരൻ – സെക്രട്ടറി_ സംഘടന, ശ്രീ. സി.വി. നാരായണൻ – നോർത്ത് ഗുജറാത്ത് സംസ്ഥാന പ്രസിഡന്റ്, എന്നിവരാണ്, ഊർജ്ജസ്വലരായ ടീമിനൊപ്പം മുഴുവൻ പ്രോഗ്രാമുകളും പ്രൊഫഷണൽ രീതിയിൽ നന്നായി ആവിഷ്കരിച്ചത്.

---

# ഗൊല്ലപ്പുടി അയ്യപ്പ ക്ഷേത്രം

## (ആന്ധ്രപ്രദേശിലെ ആദ്യത്തെ അയ്യപ്പക്ഷേത്രം)




ആന്ധ്രാപ്രദേശിലെ (ഇന്നത്തെ ആന്ധ്ര, തെലങ്കാന സംസ്ഥാനങ്ങൾ) തെലുങ്ക് സംസാരിക്കുന്ന വർ ഉൾപ്പെടെ കേരളത്തിന് പുറത്തുള്ള ആളുകൾക്ക് സ്വാമി അയ്യപ്പനെ പരിചയപ്പെടുത്തുന്നതിൽ പൂജ്യ

സ്വാമി വിമോചനാനന്ദ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ശ്രീ. കൃഷ്ണൻ നായർ, തിരുവനന്തപുരം (പൂർവ്വാശ്രമം) എന്ന സ്വാമി സർക്കാർ സർവീസിലെ ജോലി രാജിവച്ച് അയ്യപ്പധർമ്മ പ്രചരണത്തിനായി ജീവിതം മുഴുവൻ സമർപ്പിച്ചു. ശബരിമല സന്നിധാനത്ത് തപസ്സനുഷ്ഠിച്ച ശേഷം, സ്വാമി അയ്യപ്പന്റെ ഉൾവിളിപ്രകാരം, അയ്യപ്പ ധർമ്മ പ്രചരണത്തിനും, ശബരിമലയിലേക്കുള്ള തീർത്ഥാടനത്തിന്റെ പ്രോത്സാഹനത്തിനും വേണ്ടി അദ്ദേഹം ഭാരതം മുഴുവൻ പര്യടനം നടത്തി. എല്ലാ തീർഥാടകർക്കും ശബരിമലയിൽ സ്ഥിരമായി ദർശനം നടത്തുന്നത് എളുപ്പമല്ലാത്തതിനാൽ അദ്ദേഹം വാരണാസി (കാശി), ഹരിദ്വാർ, ശ്രീരംഗം, കരുപ്പത്തൂർ, വിജയവാഡ എന്നിവിടങ്ങളിൽ പുതിയ അയ്യപ്പ ക്ഷേത്രങ്ങൾ ആരംഭിച്ചു.

1960–ൽ വിമോചനാനന്ദ സ്വാമി വിജയവാഡയിലെ 'കനകദുർഗ്ഗാ അമ്മൻ' ക്ഷേത്രത്തിൽ പതിവായി ദർശനം നടത്തിയിരുന്നു. 'ഇന്ദ്ര കീലാദ്രി' എന്ന കുന്നിൻ മുകളിൽ താമസിച്ച് അയ്യപ്പ ധർമ്മത്തിന്റെ പ്രത്യേക തകളും, ആനുകാലിക പ്രസക്തിയും പ്രസംഗിക്കുകയും, നിരവധി ഭക്തരെ ആകർഷിക്കുകയും ചെയ്തു. വിജയ വാഡ പ്രദേശത്തുള്ള അനവധി ഭക്തരെ, കഠിനമായ വ്രതം ആചരിപ്പിച്ച്, പരമ്പരാഗത വനപാതയിലൂടെ, കാൽനടയായി,ദർശനത്തിനായി ശബരിമലയിലെത്തി ച്ചിരുന്നു.

1967–ൽ, ആന്ധ്രയിലെ 'കൃഷ്ണ' നദിയുടെ തീരത്ത് ഒരു അയ്യപ്പക്ഷേത്രം നിർമ്മിക്കാൻ അദ്ദേഹം തീരുമാനിച്ചു – ശ്രീഅയ്യപ്പ ദേവസ്ഥാനം ട്രസ്റ്റ് എന്ന പുതിയ സംഘടന രൂപീകരിച്ചു. പുതിയ ക്ഷേത്രം എല്ലാവിധത്തിലും ശബരിമല ക്ഷേത്രത്തിന് സമാന മായിരിക്കണമെന്നും തീരുമാനമായി. വിജയവാഡ പോലൊരു നഗരത്തിൽ ആവശ്യത്തിന് ഭൂമി ലഭിക്കാൻ പ്രയാസമായിരുന്നെങ്കിലും 750 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഭൂമി ശ്രീ. മുത്യാല രാമബ്രഹ്മം സംഭാവന ചെയ്തു. എന്നിരുന്നാലും, അത് മതിയാകാത്തതിനാൽ, വിജയവാഡ നഗരത്തിൽത്തന്നെ, ഗൊല്ലപ്പുടി ഗ്രാമത്തിൽ, 2429 ചതുരശ്രയടിയുള്ള മറ്റൊരു ഫല ഭൂയിഷ്ഠമായ ഭൂമി 'ജെല്ലിസ് കുടുംബം' ക്ഷേത്രത്തിനായി സ്വാമിക്ക് സമ്മാനിക്കുകയും, 22.02.1973–ൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. പരിധാവി നാമ സംവത്സരം, മാഘ ബഹുല പഞ്ചമി, സ്വാതി നക്ഷത്രം, മേഷ ലഗ്നം, വ്യാഴാഴ്ച, രാവിലെ 10.25ന്, ശിലാസ്ഥാപനം നടത്തി. ശബരിമലയിലെ വിഗ്രഹത്തിന് സമാനമായ പഞ്ചലോഹ അയ്യപ്പ വിഗ്രഹം പ്രശസ്ത ശില്പിയായ കുംഭകോണം കൃഷ്ണസ്വാമിയാണ് തയ്യാറാക്കിയത്. 21.05.1975 ന് ശുഭ മുഹൂർത്തത്തിൽ, രാവിലെ 9.42 ന്, ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരിയുടെ (പാലക്കാട്)

സാന്നിധ്യത്തിൽ, പൂജ്യ സ്വാമി വിമോചനാനന്ദ അയ്യപ്പവിഗ്രഹ പ്രതിഷ്ഠ നടത്തി.

വിജയവാഡയിൽ (ഹൈദരാബാദ് N H റോഡ്) നിന്ന് 7 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന, ആന്ധ്രാ പ്രദേശിലെ ആദ്യത്തെ അയ്യപ്പക്ഷേത്രമാണിത്. തിരുപ്പതി കഴിഞ്ഞാൽ ഏറ്റവും പ്രസിദ്ധമായ 'കനകദുർഗ അമ്മൻ ക്ഷേത്രത്തിന്' സമീപമായതിനാലാണ് ഇത് കൂടുതൽ പ്രചാരം നേടിയത്. ഇക്കാലത്ത് ആന്ധ്രയിലും തെലങ്കാനയിലും ലക്ഷക്കണക്കിന് ഭക്തരാണ് ശബരിമലയിലെന്ന പോലെ ഈ അയ്യപ്പക്ഷേത്രവും സന്ദർശിക്കുന്നത്. ശബരിമലയിൽ അനുഷ്ഠിക്കുന്ന എല്ലാ മന്ത്ര, തന്ത്ര ശാസ്ത്ര - ആചാരങ്ങളും ഇവിടെയും കർശനമായി പാലിക്കപ്പെടുന്നു. മകരജ്യോതി, മണ്ഡലപൂജ, പങ്കുനി ഉത്രം തുടങ്ങിയവ ഭക്തിസാന്ദ്രമായി ആഘോഷിക്കുന്നു. ഇവിടെയും പൂജാരി എപ്പോഴും കേരളത്തിൽ നിന്നാണ്, ഇപ്പോഴത്തെ മേൽശാന്തി ബ്രഹ്മശ്രീ ആർ. പി. ഹരിഹരൻ നമ്പൂതിരിയാണ്. ഗണപതി, നാഗരാജാവ്, മാളികപ്പുറം - ഉപദേവതകൾ, ധ്വജസ്തംഭം/കൊടിമരം എന്നിവ ശബരിമലയിലേതുപോലെ ഇവിടെയുമുണ്ട്.

പ്രധാന ദാതാക്കൾ ഗെല്ലി കുടുംബത്തിലെ അംഗങ്ങളാണ് - സർവശ്രീ നാഗേശ്വര റാവു, രാജ ഗോപാലൻ, മോഹൻ റാവു, നരേന്ദ്രൻ, പ്രസന്ന ആഞ്ജനേയലു എന്നിവർ. മുൻ പ്രസിഡന്റ് ശ്രീറാം രാധാകൃഷ്ണമൂർത്തിയുടെ കാലത്ത് നടന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ശ്രീ. മോഹൻ റാവു നയിക്കുന്ന ഒരു സംഘമാണ് ക്ഷേത്ര ഭരണം, അന്നദാനം, വിവിധ സേവാ കാര്യങ്ങൾ എന്നിവ വളരെ നല്ല രീതിയിൽ നടത്തിവരുന്നത്. ശബരിമല അയ്യപ്പ സേവാ സമാജം നാഷണൽ ജനറൽ സെക്രട്ടറി ശ്രീ. ഈറോഡ് രാജൻ, കഴിഞ്ഞ മാസം ഈ ക്ഷേത്രം സന്ദർശിച്ചിരുന്നു.

---

## വീര സവർക്കർ

## (140-ആം ജന്മശതാബ്ദി 28 മേയ് 2023)




വിനായക് ദാമോദർ സവർക്കർ ഇന്ത്യയുടെ വീര സ്വാതന്ത്ര്യ സമര സേനാനികളിൽ ഒരാളായിരുന്നു. മാത്രമല്ല, ധീരനായ യോദ്ധാവ്, നല്ല വാഗ്മി,

പ്രഗത്ഭനായ എഴുത്തുകാരൻ, കവി, ചരിത്രകാരൻ, തത്ത്വചിന്തകൻ, സാമൂഹിക പ്രവർത്തകൻ, ജാഗ്രതയുള്ള നേതാവ് എന്നിവയും അതിലേറെയും ആയിരുന്നു അദ്ദേഹം.

1883 മെയ് 28–ന് നാസിക്കിലെ ഭാഗൂരിലാണ് അദ്ദേഹം ജനിച്ചത്. ബ്രിട്ടീഷ് രാജിനെതിരായ പോരാട്ടത്തിലാണ് അദ്ദേഹം തന്റെ യൗവനം ചെലവഴിച്ചത്. വളരെ മിടുക്കനും തുറന്നുപറയുന്നവനും ആത്മവിശ്വാസമുള്ളവനുമായ ഒരു സ്കൂൾ കുട്ടി എന്ന നിലയിൽ, അദ്ദേഹം അധ്യാപകർക്കും സുഹൃത്തുക്കൾക്കും ഇടയിൽ പ്രശസ്തനായിരുന്നു. 1897–ൽ, ബ്രിട്ടീഷ് ഓഫീസർ, വാൾട്ടർ ചാൾസ് റാൻഡ്, പൂനെയിൽ പ്ലേഗ് എന്ന പകർച്ചവ്യാധി കാലത്ത് ജനങ്ങൾക്കുമേലേ സ്വേച്ഛാധിപത്യവും ബലപ്രയോഗവും അവലംബിച്ചു. ചാഫേക്കർ സഹോദരന്മാർ – ദാമോദർ, ബാലകൃഷ്ണ, വാസുദേവ് എന്നിവരെയും അവരുടെ കൂട്ടാളി മഹാദേവ് റാനഡെയെയും റാൻഡിനെ കൊലപ്പെടുത്തിയതിന് തൂക്കിലേറ്റി. പക്ഷേ, ചാഫേക്കർ സഹോദരങ്ങളുടെ രക്തസാക്ഷിത്വം അദ്ദേഹത്തിന്റെ ക്ഷാത്രവീര്യം ഉണർത്തി, രാജ്യത്തിന്റെ സ്വാതന്ത്ര്യം തന്റെ പ്രധാന ലക്ഷ്യമായി അദ്ദേഹം തീരുമാനിച്ചു.

1901–ൽ മെട്രിക്കുലേഷനുശേഷം അദ്ദേഹം പൂനയിലെ ഫെർഗൂസൺ കോളേജിൽ പ്രവേശനം നേടി. എന്നിരുന്നാലും, ബ്രിട്ടീഷ് ഭരണത്തിൽ നിന്നുള്ള ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൽ അദ്ദേഹത്തിന് കൂടുതൽ താൽപര്യമുണ്ടായിരുന്നു. ബാലഗംഗാധര തിലക്, ഭോപത്കർ തുടങ്ങിയ രാജ്യസ്നേഹികളുടെയും രാഷ്ട്രീയ നേതാക്കളുടെയും പ്രസംഗങ്ങൾ പൂനയിലെ യുവ കോളേജ് വിദ്യാർത്ഥികളെ സ്വാധീനിച്ചു. സമൂഹത്തിൽ ബ്രിട്ടീഷ് വിരുദ്ധ അന്തരീക്ഷം സൃഷ്ടിക്കുന്നതിലും, ദേശീയതയെ ആകർഷിക്കുന്നതിലും പൂനയിലെ പത്രങ്ങളും സജീവമായി പങ്കെടുത്തു. ഈ പ്രസ്ഥാനത്തിലെ യുവാക്കളുടെ കിരീടമില്ലാത്ത നേതാവായിരുന്നു സവർക്കർ. ഹൈസ്കൂൾ കാലത്ത്, തിലകൻ (സവർക്കർ തന്റെ ഗുരുവായി കരുതി) ആരംഭിച്ച ശിവാജി ഉത്സവവും ഗണേഷ് ഉത്സവവും അദ്ദേഹം സംഘടിപ്പിക്കാറുണ്ടായിരുന്നു, ദേശീയ വിഷയങ്ങളിൽ നാടകങ്ങൾ അവതരിപ്പിക്കാൻ ഈ അവസരങ്ങൾ ഉപയോഗിച്ചു. ആളുകളെ പ്രചോദിപ്പിക്കുന്നതിനായി അദ്ദേഹം കവിതകൾ, ലേഖനങ്ങൾ, നാടകങ്ങൾ മുതലായവ എഴുതാൻ തുടങ്ങി. 1904 മെയ് മാസത്തിൽ അദ്ദേഹം 'അഭിനവ് ഭാരത്' എന്ന പേരിൽ ഒരു അന്താരാഷ്ട്ര വിപ്ലവ പ്രസ്ഥാനം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ ദേശാഭിമാന പ്രഭാഷണങ്ങളും പ്രവർത്തനങ്ങളും ബ്രിട്ടീഷ് സർക്കാരിനെ പ്രകോപിപ്പിച്ചു. തൽഫലമായി, അദ്ദേഹത്തിന്റെ ബിഎ ബിരുദം സർക്കാർ പിൻവലിച്ചു.

1906 ജൂണിൽ അദ്ദേഹം ബാരിസ്റ്ററാകാൻ ലണ്ടനിലേക്ക് പോയി. എന്നിരുന്നാലും, ലണ്ടനിൽ അദ്ദേഹം ബ്രിട്ടീഷുകാർക്കെതിരെ ഇംഗ്ലണ്ടിലെ ഇന്ത്യൻ വിദ്യാർത്ഥികളെ ഒന്നിപ്പിക്കുകയും ആവേശം കൊള്ളിക്കുകയും ചെയ്തു. വിദേശ ഭരണാധികാരികൾക്കെതിരെ ആയുധം ഉപയോഗിക്കുന്നതിൽ അദ്ദേഹം വിശ്വസിച്ചു, ഇംഗ്ലണ്ടിൽ ആയുധങ്ങളുള്ള ഇന്ത്യക്കാരുടെ ഒരു ശൃംഖല സൃഷ്ടിച്ചു. ഇംഗ്ലണ്ടിൽ ബാരിസ്റ്റർ പരീക്ഷ പാസായെങ്കിലും സർക്കാർ വിരുദ്ധ പ്രവർത്തനങ്ങൾ കാരണം അദ്ദേഹത്തിന് ബിരുദം നിഷേധിക്കപ്പെട്ടു.

1857-ലെ 'ശിപായി ലഹള' എന്ന് ബ്രിട്ടീഷുകാർ വിശേഷിപ്പിച്ച ഗ്രേറ്റ് ഇന്ത്യൻ റിവോൾട്ടിനെക്കുറിച്ച് ഒരു ആധികാരിക വിജ്ഞാനപ്രദമായ ഗവേഷണ കൃതി പുറത്തുകൊണ്ടുവരാനുള്ള ആശയം സവർക്കറിനുണ്ടായിരുന്നു. വിശദമായ പഠനം നടത്താൻ, എന്നാൽ തന്റെ ഉദ്ദേശ്യങ്ങൾ ബ്രിട്ടീഷുകാർ അറിയാതിരിക്കാൻ ജാഗ്രത പുലർത്തി. അതിനാൽ, ലണ്ടനിൽ ഇറങ്ങിയ ശേഷം, ഓസ്ട്രിയൻ സാമ്രാജ്യത്തിന്റെ അടിമത്തം അട്ടിമറിക്കാൻ തന്റെ നാട്ടുകാരെ പ്രചോദിപ്പിച്ച ആധുനിക ഇറ്റലിയിലെ മഹാനായ വിപ്ലവകാരിയും നേതാവുമായ ഗ്യൂസെപ്പെ മസ്സിനിയുടെ ജീവചരിത്രം അദ്ദേഹം എഴുതി. മറാത്തിയിൽ എഴുതിയ കൈയെഴുത്തുപ്രതി നിരോധിച്ചതിനാൽ വളരെ ശ്രദ്ധയോടെ ഇംഗ്ലണ്ടിന് പുറത്തേക്ക് കടത്തി. വളരെ ശ്രദ്ധയോടെ കടത്തിക്കൊണ്ടുപോയി, അത് അദ്ദേഹത്തിന്റെ സഹോദരൻ ബാബ പ്രസിദ്ധീകരിച്ചു. പുസ്തകം ഒരു തരംഗം സൃഷ്ടിച്ചു, 2000 കോപ്പികൾ രഹസ്യമായി വിതരണം ചെയ്തു. ബ്രിട്ടീഷ് കണക്കനുസരിച്ച്, ഓരോ കോപ്പിയും കുറഞ്ഞത് 30 പേരെങ്കിലും വായിച്ചിരുന്നു. എന്നിരുന്നാലും,പുസ്തകം അച്ചടിച്ചതിന് അദ്ദേഹത്തിന്റെ സഹോദരൻ ജയിലിലായി.

1857-ൽ ഇന്ത്യയിലെ ആദ്യത്തെ സായുധ ദേശീയ കലാപത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ലണ്ടനിൽ വെച്ച് സവർക്കർ തന്റെ ജീവിത ദൗത്യം ഏറ്റെടുത്തു. നേരത്തെ രാജ്യവ്യാപകമായി നടത്തിയ ആ ശ്രമം ആത്മാർത്ഥതയുള്ള ഒന്നായിരുന്നുവെന്ന് തെളിയിക്കാൻ സുഹൃത്തുക്കളിലൂടെ അദ്ദേഹത്തിന് ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കാൻ കഴിഞ്ഞു. ബ്രിട്ടീഷുകാരെ തുരത്താൻ നേതാക്കളുടെയും രാജകുമാരന്മാരുടെയും സൈനികരുടെയും സാധാരണക്കാരുടെയും ഭാഗത്തുനിന്ന്. രാഷ്ട്രീയ സ്വാതന്ത്ര്യം നേടുന്നതിനുള്ള ആദ്യത്തെ ദേശീയ ശ്രമമായിരുന്നു അത്, അദ്ദേഹം തന്റെ പുസ്തകത്തിന് "ഇന്ത്യൻ വാർ ഓഫ് ഇൻഡിപെൻഡൻസ്" - ഇന്ത്യൻ സ്വാതന്ത്ര്യ സമരം" എന്ന് പേരിട്ടു. മറാത്തിയിൽ എഴുതിയതിനാൽ യൂറോപ്പിൽ അച്ചടിക്കാൻ കഴിഞ്ഞില്ല.

ഇന്ത്യയിൽ പ്രസിദ്ധീകരിക്കാനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. ആത്യന്തികമായി, പുസ്തകം ഒരു പുറം ചട്ടയോ പേരോ ഇല്ലാതെ രഹസ്യമായി മാഡം കാമ ഹോളണ്ടിൽ പ്രസിദ്ധീകരിക്കുകയും വിജയകരമായി ഇന്ത്യയിലേക്ക് കടത്തുകയും ചെയ്തു. അയർലൻഡ്, ഫ്രാൻസ്, റഷ്യ, യുഎസ്എ, ഈജിപ്ത്, ജർമ്മനി, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിലെ രഹസ്യ അനുഭാവികൾ വഴിയാണ് പുസ്തകം ഉദ്ദേശിച്ച ആളുകളിലേക്ക് എത്തിയത്.

ലണ്ടനിൽ താമസിച്ചിരുന്ന സമയത്ത്, നിരോധനം ഉണ്ടായിട്ടും സവർക്കർ രക്ഷാബന്ധൻ, ഗുരു ഗോവിന്ദ് സിംഗ് ജയന്തി തുടങ്ങിയ ഉത്സവങ്ങൾ സംഘടിപ്പിക്കുകയും ഇന്ത്യൻ വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്തു. ഇന്ത്യൻ ഉത്സവങ്ങൾക്ക് സവർക്കർ ഉണ്ടാക്കിയ മുദ്രാവാക്യങ്ങൾ: "ഒരു രാജ്യം, ഒരു ദൈവം"; "ഒരു ജാതി, ഒരു മനസ്സ്"; "നമ്മളെല്ലാവരും സഹോദരന്മാരേ – വ്യത്യാസമില്ലാതെ, സംശയമില്ലാതെ"... ജർമ്മനിയിലെ സ്റ്റട്ട്ഗാർട്ടിൽ നടന്ന ലോക സോഷ്യലിസ്റ്റ് സമ്മേളനത്തിൽ മാഡം ഭിക്കാജി കാമ ഉയർത്തിയ ആദ്യത്തെ ഇന്ത്യൻ ദേശീയ പതാക സവർക്കർ രൂപകൽപന ചെയ്തത് ഇക്കാലത്താണ്.

മറ്റൊരു കടുത്ത ദേശീയവാദിയും, വീര സവർക്കറുടെ മൂത്ത സഹോദരനുമായ ഗണേഷ് സവർക്കർ, 1909-ലെ മോർലി--മിന്റോ പരിഷ്കാരങ്ങൾക്കെതിരെ പൂനെയിൽ സായുധ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയിരുന്നു. (സ്വാതന്ത്ര്യ സമര പോരാളിയായ ശ്രീ. ഗണേഷ് സവർക്കറും വളരെക്കാലം അന്തമാനിൽ സെല്ലുലാർ ജയിലിൽത്തന്നെ നരകയാതനയനുഭവിച്ച്, ക്ഷയ രോഗിയായി മാറി, ജയിൽ മോചിതനായ ശേഷവും സമരങ്ങൾ നയിച്ച്, 1945-ൽ ക്ഷയ രോഗത്തിന് കീഴടങ്ങുകയാണുണ്ടായത്). കുറ്റകൃത്യം ആസൂത്രണം ചെയ്യുന്നുവെന്നാരോപിച്ച് ബ്രിട്ടീഷ് പോലീസ് നടത്തിയ അന്വേഷണത്തിൽ വീര സവർക്കറും ഉൾപ്പെട്ടിരുന്നു. പിടിക്കപ്പെടാതിരിക്കാൻ സവർക്കർ പാരീസിലെ മാഡം കാമയുടെ വീട്ടിലേക്ക് മാറി. പക്ഷെ, 1910 മാർച്ച് 13-ന് അദ്ദേഹത്തെ പോലീസ് അറസ്റ്റ് ചെയ്യുകയും ഇന്ത്യയിലേക്ക് തിരിച്ചയക്കാൻ ഉത്തരവിടുകയും ചെയ്തു. ഇന്ത്യയിൽ, ശിക്ഷകൾ വളരെ കഠിനവും ക്രൂരവുമായിരുന്നു, രാജ്യത്തെ ഏറ്റവും വലിയ കുറ്റകൃത്യം രാജ്യദ്രോഹമായിരുന്നു, അതിന് തൂക്കുമരം ഉറപ്പുമായിരുന്നു. ഫ്രാൻസിലെ 'മാർസെയിൽസ്' തുറമുഖത്ത് അൽപനേരം നിർത്തേണ്ട 'മൊറേന' എന്ന കപ്പലിൽ അദ്ദേഹത്തെ അയച്ചു. സവർക്കറും സുഹൃത്തുക്കളും ചേർന്ന് ധീരമായി രക്ഷപ്പെടാനുള്ള പദ്ധതി തയ്യാറാക്കി, ശ്രമിച്ചു, അത് പിന്നീട് ഒരു

ഐതിഹാസിക കഥയായി മാറി. സവർക്കർ ആ കപ്പലിൽ നിന്ന് ചാടുകയും, കടലിൽക്കൂടി നീന്തി കരക്കെത്തി, സുഹൃത്തുക്കൾ അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്യുണമായിരുന്നു. സവർക്കർ കർശന നിരീക്ഷണത്തിലായിരുന്നതിനാൽ രക്ഷപ്പെടാൻ ഒരു വഴിയും ഇല്ലായിരുന്നു. പുറത്ത് കാത്തുനിൽക്കുന്ന കോൺസ്റ്റബിൾമാരെ വെട്ടിച്ച്, കക്കൂസിൽ കയറി, ജനൽ തകർത്ത്, സമുദ്രത്തിലേക്ക് ചാടി മാർസെയിൽസ് തുറമുഖത്തേക്ക് നീന്തി. നിർഭാഗ്യവശാൽ, രക്ഷാപ്രവർത്തനം ഏതാനും മിനിറ്റുകൾ വൈകി, കാവൽ നിന്ന ഫ്രഞ്ച് പോലീസ് സവർക്കരെ പിടികൂടി ബ്രിട്ടീഷ് പോലീസുകാർക്ക് തന്നെ കൈമാറി.

മാർസെയിൽസിലെ സവർക്കറുടെ അറസ്റ്റ് സംബന്ധിച്ച ഈ കേസ് വളരെയധികം അന്താരാഷ്ട്ര ചർച്ചകൾക്ക് കാരണമാവുകയും ഫ്രഞ്ച് പത്രങ്ങളിൽ വ്യാപകമായി ചർച്ച ചെയ്യുകയും ചെയ്തു, അഭയാവകാശത്തെക്കുറിച്ചുള്ള ആകർഷകമായ ഒരു അന്താരാഷ്ട്ര പ്രശ്നം ഇതിൽ ഉൾപ്പെടുന്നുണ്ടെന്ന് കരുതപ്പെട്ടു.

ബോംബെയിലെത്തിയ സവർക്കറെ പൂനെയിലെ യേർവാദ സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോയി. നാസിക് കളക്ടർ ജാക്സന്റെ കൊലപാതകത്തിന് പ്രേരണ നൽകിയത് സവർക്കറിനെതിരെ ചുമത്തിയ കുറ്റങ്ങളിലൊന്നായിരുന്നു. രണ്ടാമത്തേത് ഇന്ത്യൻ ശിക്ഷാനിയമം 121-എ ലംഘിച്ച് ചക്രവർത്തിക്കെതിരെ ഗൂഢാലോചന നടത്തിയതിനും. വിചാരണകൾക്ക് ശേഷം, അന്ന് 28 വയസ്സുമാത്രം പ്രായമുള്ള സവർക്കർ കുറ്റക്കാരനാണെന്ന് കണ്ടെത്തി, 50 വർഷം, ഇരട്ട ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടു, 1911 ജൂലൈ 4 ന് ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ കുപ്രസിദ്ധമായ സെല്ലുലാർ ജയിലിലേക്ക് (കാലാപാനി) കൊണ്ടുപോയി.



പാറ പൊട്ടിക്കൽ, കയറുണ്ടാക്കൽ, ചക്കിൽ എണ്ണയാട്ടൽ തുടങ്ങിയ ദുർഘടമായ ജോലിയുള്ള ജയിലിൽ ശിക്ഷകൾ മനുഷ്യത്വരഹിതമായിരുന്നു. പലപ്പോഴും തടവുകാർക്ക് കാളകളെ പോലെ കെട്ടിയിട്ട് മില്ലിൽ കൊപ്ര ആട്ടേണ്ടി വന്നു. ഓരോ ദിവസവും 30 പൗണ്ട് വീതം എണ്ണ കൊട്ടക്കേണ്ടിയിരുന്നു. ചിലർ തീർത്തും ക്ഷീണിച്ചും, ശാരീരിക മർദനത്തിലും

ചാട്ടവാറടിയിലും - മനുഷ്യത്വരഹിതമായ പെരുമാറ്റം മൂലം മരിച്ചുപോയിരുന്നു. മോശം ഭക്ഷണം, വൃത്തി ഹീനമായ പരിസ്ഥിതികൾ, കല്ല് കിടക്കകൾ, ഏകാന്തത, ശാരീരികവും മാനസികവുമായ പീഡനങ്ങൾ, ശൈത്യകാലത്ത് അസഹനീയമായ തണുത്ത കാലാവസ്ഥ എന്നിവ അവർക്ക് നരക ജീവിതം നൽകി.

രാഷ്ട്രീയ തടവുകാരോട് കൊടും കുറ്റവാളികളെ പോലെയാണ് പെരുമാറിയത്. പേനയും പേപ്പറും പോലെയുള്ള 'ആഡംബര'ങ്ങൾ അവർക്ക് നിഷിദ്ധ മായിരുന്നു. ഇതിനിടയിലും സവർക്കറിലെ കവി അസ്വസ്ഥനെങ്കിലും ഉണർന്നിരുന്നു. അവസാനം, ഒരു ആണി കണ്ടെത്തി, ഇരുട്ടിൽ തന്റെ സെല്ലിന്റെ പ്ലാസ്റ്ററിട്ട മൺ ഭിത്തിയിൽ ആയിരക്കണക്കിന് വരികൾ അടങ്ങിയ "കമല" എന്ന തന്റെ ഇതിഹാസം എഴുതി (കോറിവരച്ചു). സവർക്കറെ പെട്ടെന്ന് മറ്റൊരു റിമോട്ട് സെല്ലിലേക്ക് മാറ്റിയപ്പോൾ, സവർക്കർ ജയിലിനകത്ത് മറാത്തി പഠിപ്പിച്ച ഒരു ഹിന്ദി പത്രപ്രവർത്തക സുഹൃത്ത് അദ്ദേഹത്തിന്റെ സെല്ലിലേക്ക് വന്നിരുന്നു. സുഹൃത്ത് കവിത മുഴുവനും ഹൃദിസ്ഥമാക്കി, പിന്നീട് പുറത്തിറങ്ങിയപ്പോൾ അത് കടലാസിലാക്കി സവർക്കറുടെ ബന്ധുക്കൾക്ക് അയച്ചുകൊടുത്തു, പ്രസിദ്ധീകരിക്കുക യുണ്ടായി.

മാരകമായ ജയിലിൽ നിന്ന് മോചിപ്പിക്കാൻ സവർക്കർ ബ്രിട്ടീഷ് സർക്കാരിന് 3-4 തവണ ദയാഹർജി സമർപ്പിച്ചെങ്കിലും എല്ലാ സമയത്തും അത് നിരസിക്കപ്പെട്ടു. "മാതൃഭൂമിയെ സേവിക്കാനായി, അത്യപൂർവമായ മനുഷ്യ ജന്മം, ഈ ദേവഭൂമിയിൽ ലഭിച്ച, നാം, ശത്രുവിന്റെ കരാള ഹസ്തങ്ങളിൽ ഇയ്യാമ്പാറ്റകളെപ്പോലെ കത്തിയടങ്ങാതെ, കിട്ടുന്ന അവസരങ്ങൾ ഉപയോഗിച്ചുകൊണ്ട്, വീര ശിവാജിയെപ്പോലെ, ശത്രു പാളയത്തിൽ നിന്ന് രക്ഷപ്പെടണമെന്നും, അവസാന ശ്വാസം വരെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിക്കൊണ്ടു ഈ ജൻമം സാർത്ഥകമാക്കണമെന്നു എപ്പോഴും അദ്ദേഹം സഹ തടവുകാരോടും മറ്റ ദേശാഭിമാനികളോടും ആവർത്തിക്കുമായിരുന്നു.

പിന്നീട്, 16 വർഷം ആൻഡമാനിൽ അനുഭവിച്ച നരകയാതനക്ക ശേഷമാണ് സവർക്കറെ മഹാരാഷ്ട്ര യിലെ രത്നഗിരി ജയിലിലേക്ക് മാറ്റിയത്, തുടർന്ന് വീട്ടുതടങ്കലിൽ പാർപ്പിക്കുകയും ചെയ്തു. ഭാര്യയുമായി വീണ്ടും ഒന്നിച്ചു. (ഇംഗ്ലണ്ടിലേക്ക് പോകുന്നതിന് മുമ്പ് അദ്ദേഹം വിവാഹിതനായിരുന്നു, അത് ഒരു നീണ്ട വേർപിരിയലായിരുന്നു). ഒരു മകളും പിന്നീട് ഒരു മകനും ജനിച്ചു. 1948-ലെ മഹാത്മാഗാന്ധി വധത്തിൽ ഗൂഢാലോചന നടത്തിയെന്ന കുറ്റം സവർക്കറിനെതിരെ ചുമത്തിയിരുന്നെങ്കിലും തെളിവുകളുടെ അഭാവത്തിൽ

കോടതി അദ്ദേഹത്തെ വെറുതെ വിട്ടു. 1998–ൽ ഭാരതീയ ജനതാ പാർട്ടി (ബി.ജെ.പി) അധികാരത്തിൽ വന്നതിനു ശേഷവും, 2014–ലും മോദിയുടെ നേതൃത്വ ത്തിലുള്ള ബി.ജെ.പി സർക്കാർ അധികാരത്തിൽ വന്നതോടെ, വീരസവർക്കർ പൊതു സമൂഹത്തിൽ വീണ്ടും ചൂടുള്ള ചർച്ചാ വിഷയമായി..

അദ്ദേഹമിപ്പോൾ, "1857–ലെ സ്വാതന്ത്ര്യസമരം" എന്ന പുസ്തകത്തിലൂടെ ലോകമെമ്പാടും അറിയപ്പെടുന്നു. രണ്ട് തലമുറയിലെ ഇന്ത്യക്കാരെ അദ്ദേഹത്തിന്റെ മഹത്തായ ആശയങ്ങൾ സ്വാധീനിച്ചു. സവർക്കറുടെ വിപ്ലവ സുഹൃത്തുക്കളാണ് രണ്ടാം പതിപ്പ് യുഎസ്എയിൽ അച്ചടിച്ചത്. മൂന്നാം പതിപ്പ് ഭഗത് സിംഗ് പുറത്തിറക്കി, അതിന്റെ പഞ്ചാബി, ഉറുദു വിവർത്തനങ്ങൾ ഇന്ത്യയിലും പൗരസ്ത്യ ദേശങ്ങളിലും വ്യാപകമായി വായിക്കപ്പെട്ടു. സുഭാഷ് ചന്ദ്രബോസിന്റെ ഇന്ത്യൻ നാഷണൽ ആർമിയിലും, അതുപോലെ ഈ കൃതിയുടെ തമിഴ് വിവർത്തനം സിംഗപ്പൂരിലെ ദക്ഷിണേന്ത്യൻ പട്ടാള ക്കാരും ഒരു ഗീത പോലെ വായിച്ചു.

സവർക്കർ തന്റെ അവസാനം വരെ താൻ എഴുതിയ കാര്യങ്ങളിൽ ഉറച്ചുനിന്നു, 'ക്രമീകരണങ്ങൾ', 'പരിഷ്കാരങ്ങൾ', സമാധാനപരമായ പരിഹാരങ്ങൾ എന്നിവയിൽ ഒരിക്കലും വിട്ടുവീഴ്ച ചെയ്തില്ല. മതം മാറിയ ഹിന്ദുക്കളെ തിരികെ കൊണ്ടുവരുന്നതിനും –"ഘർ വാപസി' / ശുദ്ധി ക്രിയ, ലക്ഷക്കണക്കിന് ആളുകളുടെ മനസ്സിൽ ദേശീയതയുടെ ചൈതന്യം ജ്വലിപ്പിക്കുന്ന തിനും, ഹിന്ദുക്കൾക്കിടയിൽ ഐക്യം സ്ഥാപിക്കുന്ന തിനുമായി അദ്ദേഹം ജീവിതത്തിലുടനീളം വളരെ സജീവമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യം യാഥാർത്ഥ്യ മായത് ചില വ്യക്തികളോ, നേതാക്കന്മാരോ, സമൂഹത്തിലെ ചില വിഭാഗങ്ങളോ പ്രവർത്തിച്ചതു കൊണ്ടു മാത്രമല്ല, മറിച്ച് അത് സാധ്യമായത് നിത്യവും തങ്ങളുടെ കുലദൈവങ്ങളെ പ്രാർത്ഥിക്കുന്ന സാധാരണ ക്കാരുടെയും മാതൃഭൂമിയുടെ സ്വാതന്ത്ര്യം കാണാൻ കഴുമരം ചുംബിച്ച യുവാക്കളുടെയും പങ്കാളിത്തം മൂല മാണെന്ന് അദ്ദേഹം ആത്മാർത്ഥമായി വിശ്വസിച്ചു.

'ഭഗവദ്ഗീത'യിൽ വിവരിച്ചതുപോലെ ജീവിക്കുന്ന 'സ്ഥിതപ്രജ്ഞ'നായിരുന്നു അദ്ദേഹം. നാസിക്കിൽ നിന്ന് 9 കിലോമീറ്റർ അകലെയുള്ള ഭാഗൂരിലെ അദ്ദേഹത്തിന്റെ വീട് ഇന്ത്യൻ സർക്കാർ ദേശീയ സ്മാരകമായി സംര ക്ഷിക്കുന്നു. 1966 ഫെബ്രുവരി 26 ശനിയാഴ്ച, 83–ആം വയസ്സിൽ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. 'മരണം വരെ ഉപവാസം' എന്നർത്ഥം വരുന്ന 'പ്രായോപവേശം' – ഭക്ഷണം ഉപേക്ഷിച്ചു കൊണ്ടുള്ള മരണം സ്വീകരിച്ചു. അദ്ദേഹത്തിന്റെ മരണം ഒരു യഥാർത്ഥ പോരാളിയെ പ്പോലെയായിരുന്നു. മരണം അദ്ദേഹത്തെ പിടികൂടിയില്ല;

അദ്ദേഹം സ്വമേധയാ ഉയർന്ന ശിരസ്സുമായി മരണത്തെ സമീപിച്ചു,സ്വയം വരിച്ചു.

ഈ ധീര ദേശാഭിമാനിക്ക് അർഹിക്കുന്ന ആദരവ് സ്വതന്ത്ര ഭാരതം ഇതു വരെ നല്കിയിട്ടില്ലെന്നത് ഒരു പരമാർത്ഥം മാത്രം. അടുത്തയിടെ, മഹാരാഷ്ട്ര സംസ്ഥാന മുഖ്യമന്ത്രി സവർക്കറുടെ ജന്മദിനം "സ്വാതന്ത്ര്യ വീർ സവർക്കർ ദിനം" ആയി ആഘോഷിക്കുമെന്നും അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പരിപാടികൾ നടത്തുമെന്നും പ്രഖ്യാപിച്ചിരുന്നു. കൂടാതെ, വീര സവർക്കർക്ക്, പരമോന്നത ബഹുമതി - 'ഭാരതരത്ന' പുരസ്കാരം നൽകി ആദരിക്കണമെന്ന് നിരവധി ദേശസ്നേഹികൾ ആഗ്രഹിക്കുന്നു.

## വൈശാഖമാസം - അക്ഷയതൃതീയ

ഏപ്രിൽ 21 ന് വെള്ളിയാഴ്ച ആരംഭിച്ച പുണ്യമായ വൈശാഖ മാസമാണിപ്പോൾ. വൈശാഖമാസം വിഷ്ണുഭജനത്തിന് ഏറ്റവും അനുയോജ്യമായ മാസം, പതിന്മടങ്ങ് ഫലം!

ശ്രീ മഹാവിഷ്ണുവിന് ഏറ്റവും വിശേഷപ്പെട്ട മാസമാണ് വൈശാഖമാസം. മാധവന് പ്രിയങ്കരമായതിനാല് മാധവ മാസം എന്നും അറിയപ്പെടുന്നു. ഈ മാസം മുഴുവൻ ഭഗവാൻ ലക്ഷ്മീ ദേവിയൊടൊപ്പം ഭൂമിയിൽ കഴിയുന്നു എന്നാണു വിശ്വാസം. വൈശാഖമാഹാത്മ്യത്തെപറ്റി സ്കന്ദപുരാണം, പത്മപുരാണം എന്നിവയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

വൈശാഖമാസത്തിലെ പുണ്യദിനങ്ങളിൽ ഏറ്റവും പ്രശസ്തമായത് അക്ഷയ തൃതീയയാണ്. ഈ ദിവസം ചെയ്യുന്ന കർമ്മങ്ങളെല്ലാം അക്ഷയം (ക്ഷയിക്കാത്തത്) ആയിത്തീരുമെന്ന് വിശ്വസിക്കപ്പെടുന്നതു കൊണ്ട് ഈ തിഥിക്ക് അക്ഷയ തൃതീയയെന്ന പേരു ലഭിച്ചു. അക്ഷയ തൃതീയ എന്ന ദിനത്തിന്റെ പ്രാധാന്യം വർണ്ണിക്കുന്ന മഹാ പുരാണങ്ങളും - മത്സ്യപുരാണം, സ്കന്ദപുരാണം, ഭവിഷ്യപുരാണം, പദ്മ പുരാണം - ആവർത്തിച്ച് പറയുന്നത് അക്ഷയ തൃതീയയിലെ ദാനത്തിന്റെ മഹിമയെക്കുറിച്ചും അന്നേ ദിനം ചെയ്യുന്ന വിഷ്ണു പൂജയുടെ ഫലത്തേക്കുറിച്ചുമാണ്. വൈശാഖ മാസം ശുക്ലപക്ഷത്തിലെ മൂന്നാം തിഥിയായ തൃതീയ (വൈശാഖ ശുക്ല തൃതീയ) 'അക്ഷയ തൃതീയ' എന്ന് അറിയപ്പെടുന്നു. അക്ഷയ ശബ്ദത്തിനു ശബ്ദകല്പദ്രുമത്തിൽ നല്കിയിരിക്കുന്ന അർത്ഥം 'നാസ്തി ക്ഷയോ യസ്യ സഃ' അഥവാ 'ക്ഷയരഹിതമായത്' എന്നാണ്. വിഷ്ണു പ്രിയങ്കരങ്ങളായ തിഥികളിൽ തൃതീയയും ഉൾപ്പെടുന്നുവെന്ന് പദ്മപുരാണം. 'തൃതീയാചാഷ്ടമീ ചൈവ നവമീച ചതുർദ്ദശീ, ഏകാദശീ വിശേഷേണ തിഥിരേഷാ ഹരിപ്രിയാ, സർവ്വാതിർഥാധികം പുണ്യം സത്യം സത്യം ന സംശയഃ (പദ്മപുരാണം ഉത്തരഖണ്ഡം 38:105)

ദാനധർമ്മങ്ങൾക്ക് പ്രധാനപ്പെട്ട കാലമാണ്

വൈശാഖമാസം. ഈ കാലത്ത് നടത്തുന്ന എല്ലാ പുണ്യകർമ്മങ്ങൾക്കും പതിന്മടങ്ങ് ഫലം ലഭിക്കും. ഭഗവാന്റെ നരസിംഹാവതാരം, പരശുരാമാവതാരം, ബലരാമാവതാരം - എന്നീ മൂന്ന് അവതാരങ്ങൾ നടന്നത്വൈശാഖത്തിലാണെന്നതുംഈമാസത്തിന്റെ മാഹാത്മ്യം എടുത്തുകാട്ടുന്നു. അതിൽ പരശുരാമാവ താരവും ബലരാമാവതാരവും അക്ഷതൃതീയദിനത്തിലും നരംസിംഹാവതാരം വെളുത്ത ചതുർദ്ദശിയ്ക്കും നടന്നതായാണ് പുരാണങ്ങളിൽ പറയുന്നത്.



ഗുരുവായൂരമ്പലം

വ്രതാനുഷ്ഠാനത്തോടെ വിഷ്ണുഭജനത്തിന് ഏറ്റവും യോജിച്ച കാലമാണിത്. വിഷ്ണു സഹസ്രനാമം, അഷ്ടാക്ഷരീ മന്ത്രം (ഓം നമോ നാരായണായ), ദ്വാദശാക്ഷരീ മന്ത്രം (ഓം നമോ ഭഗവതേ വാസുദേവായ), ഭാഗവത പാരായണം എന്നിവ മാധവമാസക്കാലത്ത് അഭീഷ്ട സിദ്ധി നൽകും. വൈശാഖമാസം മുഴുവൻ വ്രതം നോറ്റ ഭഗവാനെ ധ്യാനിക്കുന്നതു ഉത്തമമാണ്. വൈശാഖത്തിലെ വെളുത്ത ദ്വാദശി, പൗർണ്ണമി എന്നിവയ്ക്ക് വ്രതം എടുക്കുന്നവർക്കും അതുല്യമായ ഫലം ലഭിക്കുമെന്നാണ് വിശ്വാസം. വൈശാഖമാസക്കാലത്ത് ഗുരുവായൂരമ്പലത്തിൽ അഭൂതപൂർവമായ തിരക്കാണ്. ഗുരുവായൂർ ഉൾപ്പെടെയുള്ള വൈഷ്ണവ ക്ഷേത്രങ്ങളിൽ വൈശാഖ മാസം പുണ്യകാലമായി ആചരിക്കാറുണ്ട്.

കലിയുഗത്തിലെ ഏറ്റവും ശക്തിയേറിയ നാമം 'ഹരേ രാമ' എന്നുള്ളതാണ്. വൈശാഖമാസത്തിലുടനീളം ഇത് ഒൻപതു തവണ ജപിച്ചാൽ മാലിന്യങ്ങൾ അകന്ന് മനസ്സ് സൂര്യനെപ്പോലെ തെളിവുറ്റതാകും.

"ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ,
ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ,
ശ്രീരാമ രാമ രാമേതി രമേ രാമേ മനോരമേ,
സഹസ്രനാമ തത്തുല്യം രാമനാമ വരാനനേ,
ശ്രീരാമനാമ വരാനന ഓം നമ ഇതി".

എന്ന് മൂന്നു തവണ ചെല്ലുന്നത് വിഷ്ണുസഹസ്രനാമ ജപത്തിനു തുല്യമാണെന്നാണ് വിശ്വാസം.

## കൊട്ടിയൂർ വൈശാഖോത്സവം

**2023ൽ, മേയ് 6 മുതൽ ജൂൺ 28 വരെ (ചോതി മുതൽ ചിത്തിര വരെ).**


വൈശാഖം നാളിൽ ദക്ഷയാഗം നടന്ന സ്ഥലമാണ് കൊട്ടിയൂർ ശിവ ക്ഷേത്ര സങ്കേതം. "കേരള സൃഷ്ടിക്കു ശേഷം കൊട്ടിയൂരിൽ എത്തിയ പരശുരാമനെ ബാധിച്ച അസുരനായ കലിയെ വധിക്കാൻ ശ്രമിക്കുന്നു,



ത്രിമൂർത്തികളുടെ നിർദ്ദേശപ്രകാരം കേരളത്തിൽ, ആരെയും കലി ബാധിക്കില്ലെന്ന ഉറപ്പിന്മേൽ, കലിയെ മോചിപ്പിക്കുന്നു, കേരളത്തിൽ ആരെയും കലി ബാധി ക്കില്ലെന്ന സന്തോ ഷസൂചകമായി വൈശാഖോത്സവം ആരംഭിച്ചുവെന്നും" ഐതിഹ്യം. നെയ്യാട്ടത്തോട് കൂടി തുടങ്ങി തിരുകല ശാട്ടത്തോടെ സമാപിക്കുന്നു. ഇന്നത്തെ രീതിയിൽ ഉത്സവം ചിട്ടപ്പെടുത്തിയത് ജഗദ്ഗുരു ശങ്കരാചാര്യരാണെന്നും വിശ്വസിക്കപ്പെടുന്നു.

------------------------------------

## കർമ്മയോഗം –
## വിജയം പരിശ്രമമാണ്, ഫലമല്ല



(പൂജ്യ എസ്.ബി. കേശവ സ്വാമി – 'സ്വയം ഭഗവാൻ കേശവ സ്വാമി' ഒരു ആത്മീയ ഗ്രന്ഥകാരനും കമ്മ്യൂണിറ്റി ഉപദേഷ്ടാവും സഞ്ചരിക്കുന്ന അദ്ധ്യാപകനും ലോക സഞ്ചാരിയുമാണ്, ISKON UK-യിൽ താമസിച്ചിരുന്ന ഒരു സന്യാസിയായിരുന്നു).

ആളുകൾ വിജയത്തെ തെറ്റായി നിർവചിക്കുന്നുവെങ്കിൽ, അവർക്ക് പരാജയത്തിനും തെറ്റായ നിർവചനം ഉണ്ടാകും. ആത്മീയവാദികളുടെ അഭിപ്രായത്തിൽ വിജയം എന്നത് ഫലമല്ല, വിജയം നേട്ടത്തിലല്ല, വിജയം നിങ്ങൾക്ക് അവസാനം ലഭിക്കുന്നതല്ല. അങ്ങിനെയല്ല വിജയത്തെ നിർവചിക്കുന്നത്. ആത്മീയ പഠിപ്പിക്കലുകൾ -spirutual teachings അനുസരിച്ച്, വിജയം നിങ്ങളുടെ പരിശ്രമത്തിലാണ്; പരിശ്രമങ്ങൾ, ഉദ്ദേശ്യങ്ങൾ, അതിനു പിന്നിൽ പോകുന്ന സ്വഭാവം, നിങ്ങൾ ചെയ്യാൻ ശ്രമിക്കുന്ന മഹത്തായ കാര്യം. നിങ്ങൾ അവയെല്ലാം ചെയ്തു കഴിഞ്ഞാൽ, ഫലങ്ങൾ എന്തായാലും, യഥാർത്ഥത്തിൽ അപ്രസക്തമാണ്. ഇത് ഇതിനകം ഒരു വിജയമാണ്, കാരണം, വാസ്തവത്തിൽ, ഫലങ്ങൾ നമ്മുടെ നിയന്ത്രണത്തിൽ അല്ല. നമ്മുടെ നിയന്ത്രണത്തിനപ്പുറമുള്ള പ്രപഞ്ചത്തിൽ

നാം നേടുന്ന ഫലങ്ങളെ ബാധിക്കുന്ന മറ്റ് പല ഘടകങ്ങളുമുണ്ട്. അതിനാൽ, നിങ്ങൾ ഫലങ്ങളെ അടിസ്ഥാനമാക്കി വിജയത്തെ അളക്കാൻ ശ്രമിച്ചാൽ, നിങ്ങൾക്ക് ഒരു പരാജയബോധം അനുഭവപ്പെടുമെന്ന് മാത്രമല്ല, പരാജയത്തെ ഭയന്ന് ആ പരിശ്രമത്തിൽ നിന്നു പോലും നിങ്ങൾ പിൻവലിയുകയും ചെയ്യും. എന്നാൽ വിജയം പരിശ്രമത്തിലാണെന്ന് നിങ്ങൾ മനസ്സിലാക്കുമ്പോൾ – ജീവിതത്തിന്റെ ലക്ഷ്യം മികച്ചതായിരിക്കുക എന്നതല്ല, ജീവിതത്തിന്റെ ലക്ഷ്യം നിങ്ങളുടെ പരമാവധി ശ്രമിക്കലാണ്, നിങ്ങൾ പരമാവധി ശ്രമിക്കുമ്പോൾ, ലോക നന്മക്കുവേണ്ടിയുള്ള സേവന പ്രവർത്തനങ്ങളിൽ താങ്കൾ ഒന്നാമനാകണമെന്നാണ് വിധി നിശ്ചയമെങ്കിൽ, അത് അങ്ങനെയാകട്ടെ, നിങ്ങളുടെ വിധി നിങ്ങൾ മികച്ചതായിരിക്കാൻ വേണ്ടിയല്ലെങ്കിൽ, അതിൽ വിഷമിക്കേണ്ട കാര്യവും ഇല്ല. നിങ്ങൾ ഇപ്പോഴും വിജയിയാണ്.

ഭഗവദ് ഗീതയിൽ ഇത് 'കർമ്മ യോഗം' അല്ലെങ്കിൽ കർമ്മം ചെയ്യുന്ന കല, ത്യാഗമനോഭാവത്തോടെയുള്ള കർമ്മത്തിന്റെ രീതി എന്ന് അറിയപ്പെടുന്നു, ഇത് ആളുകൾക്ക് അവരുടെ ജീവിതത്തിൽ ഉപയോഗിക്കാൻ കഴിയുന്ന ഏറ്റവും ശക്തമായ കാര്യങ്ങളിൽ ഒന്നാണ്. ആളുകൾ വിജയത്തെ തെറ്റായ രീതിയിൽ അളക്കുന്നതിനാൽ, ആളുകൾ ഇന്ന് വളരെയധികം അധഃപതിച്ചവരും, മാനസികമായി തളർന്നവരും, നിരാശരുമാണ്, നമ്മൾ വിജയത്തെ തെറ്റായ രീതിയിൽ അളക്കുമ്പോൾ, നമ്മൾ മനസ്സിന്റെ ക്യാൻസറുകളിലേക്ക് വീഴുന്നു, മറ്റുള്ളവരുമായി മത്സരിക്കുന്നു, മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുന്നു, എന്നാൽ, നിങ്ങൾ നിങ്ങളുടെ സ്വന്തം യാത്രയിലാണ്, നിങ്ങൾ പരമാവധി ശ്രമിച്ചാൽ മാത്രം മതി, അതുതന്നെയാണ് വിജയം.

—————————————————

## ഭഗവത് ഗീത – രണ്ടാം അധ്യായം – സാംഖ്യയോഗം – (ശ്ലോകം : (16-20)



ശ്ലോകം – 16

നാസതോ വിദ്യതേ ഭാവോ
നാഭാവോ വിദ്യതേ സതഃ
ഉഭയോരപിദൃഷ്ടോന്ത –
സ്ത്വനയോസ്തത്വദർശിഭിഃ

ഇല്ലാത്തതിന് ഉണ്ട് എന്ന ഭാവം അറിയപ്പെടുന്നില്ല, ഉള്ളതിന് ഇല്ലായ്മ അറിയപ്പെടുന്നില്ല, ഈ രണ്ടിന്റേയും നിശ്ചയം തത്ത്വ ജ്ഞാനികളാൽ അറിയപ്പെട്ടിരിക്കുന്നു.

ശ്ലോകം – 17

അവിനാശി തു തദ്വിദ്ധി
യേന സർവ്വമിദം തതം
വിനാശമവ്യയസ്യാസ്യ
ന കശ്ചിത് കർത്തുമർഹതി.

യാതൊന്നിൽ ഇതെല്ലാം വ്യാപിക്കപ്പെട്ടിരിക്കുന്നോ, അതാകട്ടെ നാശമില്ലാത്തതെന്ന് അറിഞ്ഞാലും നാശ രഹിതമായ ഇതിന് വിനാശത്തെ ചെയ്യുവാൻ ഒരുവനും കഴിയുന്നില്ല.

ശ്ലോകം – 18

അന്തവന്ത ഇമേ ദേഹാഃ
നിത്യസ്യോക്താശ്ശരീരിണഃ
അനാശിനോപ്രമേയസ്യ
തസ്മാദ്യുദ്ധ്യസ്വ ഭാരത!

ഹേ ,അർജ്ജുനാ, നിത്യനും നാശമില്ലാത്തവനും പ്രത്യ ക്ഷാദി പ്രമാണങ്ങളെ കൊണ്ട് അറിയാൻ കഴിയാത്ത വനുമായ ശരീരത്തോട് കൂടിയ ആത്മാവിന്റെ ഈ ദേഹങ്ങൾ അവസാനമുള്ളവയെന്ന് പറയപ്പെടുന്നു, അതുകൊണ്ട് നീ യുദ്ധം ചെയ്താലും.

ശ്ലോകം – 19

യ ഏനം വേത്തി ഹന്താരം
യശ്ചൈനം മന്യതേ ഹതം
ഉഭൗ തൗ ന വിജാനീതോ
നായം ഹന്തി ന ഹന്യതേ.

യാതൊരുവൻ ഇവനെ (ആത്മാവിനെ) കൊല്ലുന്ന വനായി അറിയുന്നുവോ, യാതൊരുവൻ ഇവനെ കൊല്ലപ്പെട്ട വനായി വിചാരിക്കുന്നു, അവർ രണ്ടു പേരും സത്യം അറിയുന്നില്ല – ഇവൻ (ആരെയും) കൊല്ലുന്നില്ല, കൊല്ലപ്പെടുന്നുമില്ല.

ശ്ലോകം – 20

ന ജായതേ മ്രിയതേ വാ കദാചി –
ന്നായം ഭൂത്വാ ഭവിതാ വാ ന ഭൂയഃ
അജോ നിത്യഃ ശാശ്വതോയം പുരാണോ
ന ഹന്യതേ ഹന്യമാനേ ശരീരേ.

ഇവൻ (ഈ ആത്മാവ്) ശരീരം (ദേഹം) കൊല്ലപ്പെട്ട പ്പോൾ ഒരിക്കലും കൊല്ലപ്പെടുന്നില്ല. ജനിക്കുന്നില്ല, മരിക്കുന്നതുമില്ല, ഉണ്ടായിട്ട് പിന്നെ ഭവിക്കുന്നതുമില്ല, ഇവൻ ജനനമില്ലാത്തവനും നാശമറ്റവനും ഒരേ വിധമായിരിക്കുന്നവനും പണ്ടേയുള്ളവനുമാണ്.

———————————————————

# സുഭാഷിതം – 40

വിവേകഃ സഃ സമ്പത്യാ വിനയോ വിദ്യയാ സഃ ।
പ്രഭുത്വം പ്രശ്രയോപേതം ചിഹ്നം ഏതത് മഹാത്മനാം ॥

**विवेकः सह संपत्या विनयो विद्यया सह।**
**प्रभुत्वम् प्रश्रयोपेतम् चिह्नम् एतत् महात्मनाम्॥**

(വിവേചനത്തോടുകൂടിയ സമ്പത്ത്, വിനയത്തോടുകൂടിയ പാണ്ഡിത്യം, മര്യാദയോടെയുള്ള അധികാരം- ഇവയാണ് മഹാന്മാരുടെ ഗുണങ്ങൾ.)

മൂർഖസ്യ പഞ്ച ചിന്ഹാനി ഗർവ്വോ ദുർവചനം തഥാ ।
ക്രോധശ്ച ദൃഢവാദശ്ച പരവാക്യേഷ്വനാദരഃ ॥

**मूर्खस्य पञ्च चिन्हानि गर्वो दुर्वचनं तथा।**
**क्रोधश्च दृढवादश्च परवाक्येष्वनादरः॥**

( 1) തീവ്രമായ അഹങ്കാരം 2) ചീത്ത വാക്കുകൾ 3) കടുത്ത കോപം 4) ശാഠ്യം & 5) മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കാതിരിക്കൽ എന്നിവയാണ് വിഡ്ഢികളുടെ 5 അടയാളങ്ങൾ.)

---

## ക്വിസ് (വിജ്ഞാന പരീക്ഷ) – 25

(**കുറിപ്പ്:** സനാതന ധർമ്മം സംബന്ധിച്ചും, കൂടുതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്കത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം "9447211722" എന്ന നമ്പറിലേക്ക വാട്സാപ്പ് അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പവാണിയിൽ പ്രസിദ്ധീകരിക്കുന്നതാണ്)

**ചോദ്യങ്ങൾ:**

1. ചതുർധാമങ്ങളും അവിടുത്തെ പ്രധാന ദേവതകളും ഏതൊക്കെയാണ്?
2. 'ദേവീമാഹാത്മ്യം' ഏത് ഗ്രന്ഥത്തിന്റെ ഭാഗമാണ്?
3. കൃഷ്ണന്റെയും അർജ്ജുനന്റെയും ശംഖുകളുടെ പേരുകൾ?
4. 'സലാസർ ബാലാജി' ഏത് ദൈവമാണ്?
5. ആരാണ് അറിവിന്റെ ദേവത?
6. ആന്ധ്രാപ്രദേശിലെ ആദ്യത്തെ അയ്യപ്പക്ഷേത്രം ഏതാണ്?
7. ആൻഡമാനിൽ 10 വർഷം അതികഠിന തടവ് അനുഭവിച്ച പ്രശസ്ത സ്വാതന്ത്ര്യ സമര സേനാനി ആരാണ്?
8. ആദിശങ്കരാചാര്യരുടെ ഗുരു ആരായിരുന്നു?
9. ശബരിമല ക്ഷേത്രത്തിൽ സ്വാമി അയ്യപ്പനെ ഏത് രൂപത്തിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്?

10. സ്വാമി അയ്യപ്പൻതന്നെ ആരംഭിച്ച യോഗങ്ങളിൽ (കളരി) ഇന്നും നിലനിൽക്കുന്ന 5 യോഗങ്ങൾ ഏതെല്ലാം?

**ഉത്തരങ്ങൾ (AV 01 – ക്വിസ് 24)**

1. ഋഷിമാരുടെ ശാപത്താൽ ഭഗവാൻ ഹനുമാൻ തന്റെ ശക്തി മറന്നു. കുരങ്ങിന്റെ ബാലിശമായ കുസൃതികൾ കൊണ്ട് അദ്ദേഹം ഋഷികളെ ബുദ്ധിമുട്ടിക്കാറുണ്ടായിരുന്നു, അതിനാൽ ഋഷികൾ മൃദുവായ ശാപം നൽകി.
2. മുടിയിൽ/ ശിരസ്സിൽ ചന്ദ്രക്കല ഉള്ളതിനാൽ ശിവനെ ചന്ദ്രശേഖരൻ എന്ന് വിളിക്കുന്നു. പ്രജാപതി ദക്ഷൻ ചന്ദ്രനെ തന്റെ തെളിച്ചം ഇല്ലാതാകുവാൻ ശപിച്ചു, എന്നാൽ ഭാഗികമായി രക്ഷിക്കാൻ ശിവൻ ചന്ദ്രനെ ശിരസ്സിൽ സ്വീകരിച്ചു.
3. കാർത്തികേയ ഭഗവാന്റെ വാഹനമാണ് മയിൽ.
4. ഋഷിയെ ഗൗനിക്കാതെ ചിന്താവിഷ്ടയായി ഇരുന്ന ശകുന്തളയെ, 'വിചാരിക്കുന്ന ആളെ മറക്കാൻ', ഋഷി ദുർവാസാവ് ശപിച്ചു.
5. കോട്ടയം ജില്ലയിലെ മുണ്ടക്കയത്തിനടുത്തുള്ള ഒരു ഗ്രാമമാണ് "കാളകെട്ടി", ശബരിമലയിലേക്ക് നടന്നു പോകുന്ന പരമ്പരാഗത കാനന പാതയിലാണ്. ശിവൻ തന്റെ വാഹനമായ നന്ദിയെ – കാളയെ കെട്ടിയ സ്ഥലമായ ഇവിടെ, മഹിഷി എന്ന അസുരയുമായി മണികണ്ഠൻ നടത്തിയ പോരാട്ടത്തിന് ശിവനും പാർവ്വതിയും സാക്ഷ്യം വഹിച്ചു. 'കാളയെ കെട്ടിയ സ്ഥലം' എന്നതിൽ നിന്നാണ് 'കാളകെട്ടി' എന്ന പേര് ഉണ്ടായത്.
6. തന്റെ ഗുരു മാതംഗമുനിയുടെ ഉപദേശപ്രകാരം വർഷങ്ങളായി കഠിനമായ തപസ്സോടെ തന്റെ ദൈവമായ രാമനുവേണ്ടി കാത്തിരുന്ന, ഗോത്രവർഗ്ഗക്കാരിയും രാമന്റെ തീവ്ര ഭക്തയുമായ തപസ്വിനി ശബരിയെ ശ്രീരാമൻ സന്ദർശിച്ച് അനുഗ്രഹിച്ചു. ശബരിയുടെ ഗ്രാമത്തിന്റെ/ പർവ്വതത്തിന്റെ പേര് പിന്നീട് അവരുടെ പേരിൽ നിന്ന് 'ശബരിമല' എന്നറിയപ്പെട്ടു.
7. ഷോഡശ സംസ്കാരങ്ങൾ – ധർമ്മ സംരക്ഷണത്തിനായി അനുഷ്ഠിക്കേണ്ട 16 സംസ്കാരങ്ങൾ / വൈദിക ആചാര ങ്ങൾ, പ്രസിദ്ധമായ പുരാതന ഗ്രന്ഥമായ 'മനുസ്മൃതി'യിൽ വിശദീകരിക്കുന്നു.
8. രാമജന്മഭൂമിയിൽ നിർമ്മാണത്തിലിരിക്കുന്ന രാമ ക്ഷേത്രത്തിനായുള്ള ഭൂമിപൂജ പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു.
9. അമൃതസർ കൂട്ടക്കൊല എന്നും അറിയപ്പെടുന്ന ജാലിയൻ വാലാബാഗ് കൂട്ടക്കൊലയെന്ന ദാരുണമായ സംഭവം നടന്നത് 1919 ഏപ്രിൽ 13-ന്. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായുള്ള യോഗത്തിലേക്ക് നിർദയം നടത്തിയ ഈ വെടിവെപ്പിൽ ഏകദേശം 2000 പേർ കൂട്ടക്കൊല ചെയ്യപ്പെട്ടു.

10.ശബരിമല ക്ഷേത്രത്തിലെ കൊടിമരത്തിന്റെ മുകളിൽ സ്വാമി അയ്യപ്പന്റെ വാഹനമായ കുതിരയുടെ (വാജി വാഹനൻ, വാജി = കുതിര) വിഗ്രഹമാണ് സ്ഥാപിച്ചിട്ടുള്ളത്.

---

**മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ:**
**ആരുമില്ല**

---

# വാർത്തകൾ

* ഇന്ന്, മെയ് 02, 2023 ഉത്രം – സ്വാമി അയ്യപ്പന്റെ ദിവ്യമായ ജന്മനക്ഷത്രത്തിന്റെ ശുഭദിനം. SASS ന്റെ നിർദ്ദേശപ്രകാരം, ലോകമെമ്പാടുമുള്ള അയ്യപ്പഭക്തർ സ്വന്തം വീടുകളിലും സമീപ ക്ഷേത്രങ്ങളിലും ദീപാരാധന, ഭജന, നീരാജനം മുതലായവയോടെ ഉത്രം പൂജ നടത്തുന്നു.

* SASS ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെയും ഗുജറാത്ത് സംസ്ഥാനത്തിന്റെ ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെയും വിശദാംശങ്ങൾ ആദ്യ പേജിൽ നൽകിയിരിക്കുന്നു.

* ശബരിമല അയ്യപ്പസേവാ സമാജത്തിന്റെ വിഴിക്കിത്തോട് (എരുമേലിക്ക് സമീപം) അയ്യപ്പസേവാകേന്ദ്രം വിഷുദിനത്തിൽ പൊതുജനങ്ങളടക്കം 2500–ലധികം അയ്യപ്പന്മാർക്ക് അന്നദാനം – വിഷു സദ്യ നടത്തി. വിഷു ദിനത്തിൽ ഹോട്ടലുകളുടെ അവധി കണക്കിലെടുത്ത് കൂടുതൽ ആളുകൾക്ക് ഭക്ഷണം തയ്യാറാക്കി എല്ലാവർക്കും സൗജന്യമായി സദ്യ വിളമ്പുക യായിരുന്നു..

* ജമ്മു കശ്മീരിലെ മാതാ വൈഷ്ണോ ദേവി ക്ഷേത്രത്തിൽ നിന്ന് രണ്ട് അയ്യപ്പ സ്വാമി ഭക്തർ കേരളത്തിലെ ശബരിമലയിലേക്ക് നടന്ന് വന്ന് ദർശനം നടത്തി. കാസർകോട് ജില്ലയിലെ മധൂർ സ്വദേശികളായ നളിനാക്ഷൻ സ്വാമിയും പ്രഭാകര മണിയാനി സ്വാമിയും, 8 സംസ്ഥാനങ്ങൾ പിന്നിട്ട് നാലായിരത്തോളം കിലോമീറ്റർ കാൽനടയായി സഞ്ചരിച്ചു. ഇവരെ സ്വീകരിച്ച്, വിഴിക്കിത്തോട്, എരുമേലി അയ്യപ്പ സേവാ കേന്ദ്രങ്ങളിൽ ഭക്ഷണവും താമസ സൗകര്യവും ഒരുക്കിയിരുന്നു.

* ഏപ്രിൽ 9–ന് തൃശ്ശൂർ വടക്കുംനാഥൻ ക്ഷേത്ര മൈതാനിയിൽ, ഹിന്ദു ഐക്യവേദിയുടെ കേരള സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് 10000–ത്തോളം പേർ ചേർന്ന് 'ഹരിവരാസനം സമൂഹ പാരായണം' നടത്തുകയുണ്ടായി.

---

# അയ്യപ്പ മഹാസംഗമത്തിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി



ശബരിമല അയ്യപ്പ സേവാ സമാജത്തിന്റെ ഒരു സംഘം ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിജിയെ, ഏപ്രിൽ 24 ന് കൊച്ചിയിൽ നേരിൽ കണ്ട്, 2024 ജനുവരി 20–ന് കേരളത്തിലെ കൊല്ലത്ത് നടക്കാനിരിക്കുന്ന ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ – "ആഗോള അയ്യപ്പ മഹാസംഗമം" എന്ന സമാപന ചടങ്ങിലേക്ക് മുഖ്യാതിഥിയായി ക്ഷണിച്ചു.

കൂടാതെ, മണ്ഡല–മകരവിളക്ക് തീർത്ഥാടന കാലത്തിന്റെ അവസാന ദിവസമായ 2024 ജനുവരി 19 വെള്ളിയാഴ്ച പവിത്രമായ ശബരിമല ക്ഷേത്രത്തിൽ ദർശനം നടത്താൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. ടി.ബി.ശേഖർ,ദേശീയ ചെയർമാൻ; ശ്രീ. ഈറോഡ് എൻ.രാജൻ, ദേശീയ ജനറൽ സെക്രട്ടറി ; ശ്രീ. എസ്.വിനോദ്കുമാർ, ദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി; ബ്രഹ്മശ്രീ അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാട്, കേരള സംസ്ഥാന പ്രസിഡന്റ്; ശ്രീ. എ. പത്മകുമാർ, ആർ എസ് എസ് ക്ഷേത്രീയ സേവാപ്രമുഖ് എന്നിവരാണ് പ്രധാന മന്ത്രിയെ സന്ദർശിച്ച സംഘത്തിൽ ഉണ്ടായിരുന്നത്.

**ശബരിമല ക്ഷേത്രം തുറക്കുന്ന/അടയ്ക്കുന്ന തീയതികൾ**
**അടുത്ത 27 ദിവസങ്ങൾക്കുള്ളിൽ.**
തുറക്കുന്നത് : മേയ് 14–ന് വൈകീട്ട് 5 മണിക്ക് – മിഥുനമാസ പൂജയ്ക്ക്.
അടയ്ക്കുന്നത്: 19–ന് രാത്രി 10 മണിക്ക്.
വീണ്ടും, തുറക്കുന്നത് : മേയ് 29–ന് വൈകീട്ട് 5 മണിക്ക് – പ്രതിഷ്ഠാദിനപൂജക്ക്.
അടയ്ക്കുന്നത്: മേയ് 30–ന് രാത്രി 10 മണിക്ക്.

***************

നിഷേധക്കുറിപ്പ് : ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച്, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

ശബരിമല അയ്യപ്പ സേവാ സമാജത്തിനുവേണ്ടി, പി. ഷൺമുഖാനന്ദൻ, നാഷ്ണൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി, നാഷ്ണൽ അഡ്മിനിസ്ട്രേഷൻ ഓഫീസ്, അയ്യപ്പവിഹാർ, വിയ്യൂർ, തൃശ്ശൂർ, കേരളം – 680010, നിന്ന് പ്രസിദ്ധീകരിക്കുന്നത്